# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.8002 — 16.07.2014-ൽ മറുപടിയ്ക്ക്

## റബ്ബർ അധിഷ്ഠിത വ്യവസായ സംരംഭങ്ങൾ

| ചോദ്യം<br>ശ്രീ. മുല്ലക്കര രത്നാകരൻ | മറുപടി<br>ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
|---|---|
| (എ) റബ്ബർ വിലയിടിവിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് റബ്ബർ അധിഷ്ഠിത വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുമോ;<br><br>(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നിർദ്ദേശം സർക്കാരിന്റെ മുന്നിലുണ്ടോയെന്ന് വ്യക്തമാക്കുമോ? | (എ)യും (ബി)യും<br>സംസ്ഥാനത്ത് പുതിയ റബ്ബർ അധിഷ്ഠിത വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ നിലവിലില്ല.<br>സംരംഭകത്വ സഹായ പദ്ധതിയിൻകീഴിൽ റബ്ബർ അധിഷ്ഠിത വ്യവസായങ്ങളെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്.<br>വ്യവസായ വാണിജ്യവകുപ്പ് 26.02.2015 മുതൽ 28.02.2015 വരെ കൊച്ചിയിൽ സംഘടിപ്പിക്കുന്ന ബിസിനസ് ടു ബിസിനസ് മീറ്റിൽ റബ്ബർ അധിഷ്ഠിത വ്യവസായ മേഖലയ്ക്ക് പ്രത്യേക പ്രാധാന്യം നൽകിയിട്ടുണ്ട്. കേരളത്തിലെ റബ്ബർ മേഖലയിലുള്ള ഇടത്തരം, ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് സംസ്ഥാനത്തിനു പുറത്തുള്ള വിപണികളിലേയ്ക്ക് വഴി തുറക്കുവാനാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ